ശ്രീ. കെ. നാരായണക്കുറുപ്പ്: ബസ്സിന്റെ സമയപ്പട്ടികകൊണ്ടും ട്രെയിനിന്റെ സമയപ്പട്ടികകൊണ്ടും ഇങ്ങനെ സംവേദിക്കാറുണ്ട്. റെയിൽവേ ഗേറ്റുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഓവർ ബ്രിഡ്ജ് പണിയണമെന്നു കേന്ദ്രഗവൺമെന്റിന്റെ റെയിൽവേ വകുപ്പിന് എഴുതിയിട്ടുണ്ട്. കഴിയുന്നതും മറ്റു വിധത്തിൽ ഇതിന്റെ താമസം മാറ്റാൻ ശ്രമിക്കാം.

ശ്രീ. വി.ജെ. ജോസഫ്: എക്സ്പ്രസ് ബസ്സിൽ കയറിയാൽ തലകുനിച്ചാണ് ഇരിക്കേണ്ടിവരുന്നത്. തമിഴ്നാട് ബസ്സിന്റെ സീറ്റിംഗ് അറേഞ്ച്മെന്റ് നോക്കിയാൽ എക്സ്പ്രസ് ബസ്സിൽ ചാരിയിരിക്കാനുള്ള സൗകര്യത്തോടുകൂടിയാണ് സീറ്റ് ഉണ്ടാക്കിയിരിക്കുന്നതെന്നു കാണാം. അത്തരത്തിൽ നമ്മുടെ ബസ്സുകളിലും സീറ്റിംഗ് അറേഞ്ച്മെന്റ് ചെയ്യുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അത് ബസ്സിന്റെ സീറ്റിംഗ് അറേഞ്ച്മെന്റിന്റെ കുഴപ്പം കൊണ്ടാണെന്നു തോന്നുന്നില്ല. ചില ആളുകൾക്ക് ഇരുന്നാലും തല കുനിഞ്ഞുപോകും. എങ്കിലും എന്തെങ്കിലും പ്രത്യേക ബുദ്ധിമുട്ടുണ്ടെങ്കിൽ അതു നോക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: ബസ്ഫെയർ വർദ്ധിപ്പിക്കുവാൻ പോകുന്നു എന്നു കേൾക്കുന്നു. ആ നിലയിൽ കൂടുതൽ ഫെയർ ഈടാക്കൊല്ലം നടപ്പാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോഴം അതെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. അനിരുദ്ധൻ: എക്സ്പ്രസ് ബസ്സുകളിൽ ഒരു സ്പെയർ വീൽ കൂടി കൊടുത്തയക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ.കെ. നാരായണക്കുറുപ്പ്: അങ്ങനെയൊരു ഫ്ലർപ്പാട് ഇപ്പോഴം ഇല്ല. അങ്ങനെയാണെങ്കിൽ മൂവായിരത്തോളം ടയർ കൊടുത്തയക്കേണ്ടിവരും. പ്രധാനപ്പെട്ട സർവ്വീസുകളിൽ അതു കൊടുത്തയക്കുന്നതിനെപ്പറ്റി ആലോചിക്കാം. പക്ഷെ അത്യാവശ്യം വന്നാൽ അതു മാറ്റാൻ കൂടി അതിലെ ജോലിക്കാർ സന്നദ്ധത കാണിക്കണം. അതാണ് മറ്റൊരു പ്രശ്നം.

പട്ടികജാതി/പട്ടിക വർഗ്ഗക്കാരായ അഡ്വക്കേറ്റുമാർക്ക് പ്രാക്ടീസ് ആരംഭിക്കാൻ സഹായങ്ങൾ

* 812 [880] ശ്രീ. എൻ. വാസുദേവൻ പിള്ള:
,, എം. കെ. കൃഷ്ണൻ:
,, പി. കരുണാകരൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, റ്റി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പട്ടികജാതി/പട്ടിക വർഗ്ഗക്കാരായ അഡ്വക്കേറ്റുമാർക്ക് പ്രാക്ടീസ് ആരംഭിക്കാൻ എന്തൊക്കെ സഹായങ്ങളാണ് ഗവൺമെന്റ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആനുകൂല്യങ്ങൾ നൽകാനുള്ള ഉത്തരവുണ്ടായത് എന്നാണെന്ന് വ്യക്തമാക്കുമോ?

തൊഴിലും പാർപ്പിടവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) അഡ്വക്കേറ്റായി എൻറോൾ ചെയ്യുന്നതിന് 552 രൂപയും പ്രാക്ടീസ് ചെയ്യുന്നവർക്ക് മാസംതോറും 150 രൂപ സ്റ്റൈപ്പൻറും ചേംബർ വാടക പ്രതിമാസം 25 രൂപ, പുസ്തകം വാങ്ങുന്നതിന് 250 രൂപ എന്നീ ഇനങ്ങളിൽ 2,350 രൂപയും ഉൾപ്പെടെ മൊത്തം 2,702 രൂപ ഒരു വർഷത്തേക്ക് ഗ്രാൻറായി നൽകുന്നു. ഇതിനു പുറമേ പുസ്തകങ്ങൾ വാങ്ങുന്നതിന് 3,000 രൂപ പലിശയില്ലാ വായ്പയായും നൽകുന്നു.

(ബി) ആദ്യമായി 1954-ലും പിന്നീട് ഇതിൻറെ ഭേദഗതികൾ 1963, 1969, 1970, 1973, 1974 എന്നീ കൊല്ലങ്ങളിലും വരുത്തി.

ശ്രീ. എം കെ. കൃഷ്ണൻ: ഇന്നു പ്രാക്ടീസ് ആരംഭിക്കുന്ന പട്ടിക ജാതി-പട്ടിക വർഗ്ഗക്കാരായ അഡ്വക്കേറ്റുമാർ യുവാക്കളാണെന്നുള്ളതു പരിഗണിച്ച് ഇതു വർദ്ധിപ്പിച്ചു കൊടുക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: വർദ്ധിപ്പിച്ചുകൊടുക്കാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: അങ്ങനെ ആലോചിക്കുന്നുണ്ടെങ്കിൽ പ്രാക്ടീസ് ആരംഭിക്കുന്ന ആളുകൾക്ക് സഹായം കിട്ടിയില്ലെങ്കിൽ സാധിക്കുകയില്ല. അതുകൊണ്ട് കഴിയുന്നത്രവേഗം ഈ വർദ്ധനവ് കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. രാഘവൻ: കഴിയുന്നത്ര വേഗത്തിൽ അതു വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. പി. കരുണാകരൻ: ഈ സ്കീമനുസരിച്ച് ഇതുവരെ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാരായ ആളുകൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എത്ര തുക കൊടുത്തിട്ടുണ്ട്എന്നു പറയുമോ ?

ശ്രീ. എം. കെ. രാഘവൻ: കഴിഞ്ഞ വർഷം അഞ്ചുപേർക്ക് നൽകിയിട്ടുണ്ട്.

ശ്രീ. പി. കരുണാകരൻ: ഇവർക്ക് കൊടുക്കുന്ന ഗ്രാൻറിൽ മൊത്തത്തിൽ എത്ര വർദ്ധനവുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. കെ. രാഘവൻ: ഇത് ഇപ്പോൾ കൃത്യമായി പറയാൻ പറ്റുകയില്ല. കൊടുക്കണമെന്നു പറഞ്ഞാൽ എത്രകണ്ട് വർദ്ധിപ്പിക്കണമെന്ന കാര്യംകൂടി ആലോചിക്കണം.

ശ്രീ. ടി. കെ. അബ്ദു: പട്ടികജാതി-പട്ടിക വർഗ്ഗക്കാരായ വക്കീലൻമാർക്ക് ഗവൺമെൻറിൻറെ ഈ സഹായധനത്തോടൊപ്പം കോടതിയുടെ പരിസരത്ത് ഒരു വക്കീലാഫീസ് കിട്ടുന്നതിനുള്ള സൗകര്യം നമ്മുടെ രാജ്യത്തില്ലാത്തതുകൊണ്ട് വക്കീലാഫീസും ഫർണിച്ചറും ഉണ്ടാക്കിക്കൊടുക്കാൻ ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: പൈസ അതിനുവേണ്ടി കൊടുക്കുന്നുണ്ട്. പട്ടികജാതിക്കാർക്കുവേണ്ടിമാത്രം ഇതുപോലുള്ള സൗകര്യങ്ങൾ ഉണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നില്ല. എല്ലാവർക്കും കോടതിയുടെ പരിസരത്ത് വക്കീലാഫീസ് ഉണ്ടാക്കിക്കൊടുക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. ടി. കെ. അബ്ദു: പട്ടികജാതി-പട്ടികവർഗ്ഗക്കാരായ ആളുകളുടെ കാര്യത്തിൽ ഗവൺമെന്റ് ഈ ചുമതല ഏറ്റെടുക്കാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: അതു ശരിയല്ല. പൈസ കൊടുത്താൽ ഹരിജനങ്ങൾക്കല്ല അതിനെക്കാൾ മോശക്കാരായ ആളുകൾക്കുപോലും സ്ഥലം കൊടുക്കുന്ന പതിവ് നമ്മുടെ കേരളത്തിലുണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ: ആദ്യം അഡ്വക്കേറ്റുമാർക്ക് പ്രൊവിഡന്റ് ഫണ്ട് ഉണ്ടാക്കുമെന്നു പറഞ്ഞു. പിന്നീട് വെൽഫയർ ഫണ്ട് ഉണ്ടാക്കുമെന്നു പറഞ്ഞു. എന്താണ് ഈ കാര്യത്തിൽ എടുത്തിട്ടുള്ള നിലപാട്?

ശ്രീ. എം. കെ. രാഘവൻ: വക്കീലൻമാർക്ക് ആശ്വാസം ഉണ്ടാകുന്ന രീതിയിൽ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു നിയമം ഉണ്ടാക്കുന്നതിന് മിക്കവാറും പൂർത്തിയായിരിക്കുകയാണ്. വക്കീലൻമാരുടെ പ്രതിനിധികളുമായി ആലോചനക്കുവേണ്ടി വച്ചിരിക്കുകയാണ്. അടുത്ത കുറെ ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാകും.

ശ്രീ. എൻ. ഭാസ്കരൻ നായർ: പട്ടികജാതിക്കാരായ അഭിഭാഷകർ നിയമപുസ്തകം എഴുതിയതിനുശേഷം സാമ്പത്തികമായ ബുദ്ധിമുട്ടുകൊണ്ട് അതു പ്രിന്റു ചെയ്യാൻ നിവൃത്തിയില്ലാതിരിക്കുന്ന സ്ഥിതി പരിഗണിച്ച് ഗ്രാന്റായി പ്രിന്റിംഗ് ചാർജ്ജ് കൊടുക്കുന്നതിനുവേണ്ട ഏർപ്പാട് ചെയ്യുമോ?

ശ്രീ. എം. കെ. രാഘവൻ: അതു പ്രത്യേകമായി ശ്രദ്ധയിൽ കൊണ്ടുവന്നാൽ ഡിപ്പാർട്ടുമെന്റിൽനിന്നു വേണ്ട സഹായം ചെയ്യും.

ശ്രീ. ടി. എം. ജേക്കബ്: പട്ടികജാതിക്കാരെപ്പോലെ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്ന മറ്റു വക്കീലൻമാർക്കും പ്രാക്ടീസിന് ലോൺ കൊടുക്കുന്ന കാര്യം പരിഗണിക്കാമെന്നു പറഞ്ഞിരുന്നു. അങ്ങനെ യുവ അഭിഭാഷകർക്ക് പ്രാക്ടീസ് ലോൺ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് പരിഗണിച്ച് ഒരു തീരുമാനമെടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ഹരിജൻ ഡിപ്പാർട്ടുമെന്റിൽ ഇല്ല.

ശ്രീ. എം. വി. രാഘവൻ: പട്ടികജാതിക്കാരെക്കാൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വക്കീലൻമാർക്ക് ലോണോ മറ്റു ഗ്രാന്റോ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് പരിഗണിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: പട്ടികജാതിക്കാരെ കണക്കിലെടുക്കുമ്പോൾ സാമ്പത്തിക പിന്നോക്കാവസ്ഥ മാത്രമല്ല പരിഗണനയിൽ വരുന്നത്. അവരുടെ സാമൂഹികമായ പിന്നോക്കാവസ്ഥകൂടി പരിഗണിക്കുന്നുണ്ട്. സാമ്പത്തികമായ പിന്നോക്കാവസ്ഥ പരിഗണിച്ച് എന്തെങ്കിലും സാമ്പത്തികസഹായം ചെയ്തുകൊടുക്കുമ്പോൾ അതും ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. പരമൻ: പ്രാക്ടീസ് ആരംഭിക്കാൻ സഹായിക്കുന്ന തുപോലെ പട്ടികജാതിക്കാരായ അഡ്വക്കേറ്റുമാരിൽ യോഗ്യതയുള്ളവരെ എ. പി. പി., ഗവൺമെന്റ് പ്ലീഡർ തുടങ്ങിയ പോസ്റ്റുകളിൽ നിയമിക്കുന്ന കാര്യത്തെക്കുറിച്ച് പരിഗണിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: എ. പി. പി. യായി നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഗവൺമെന്റ് പ്ലീഡറുടെ കാര്യത്തിൽ ഇന്നു നിലവിലുള്ള നിയമമനുസരിച്ച് പാനലിൽ വരണം. പാനലിൽ വരുന്നതിന് സാദ്ധ്യമല്ലാതാണിരിക്കുന്നത്. അതുകൊണ്ട് പേരു പാനലിൽ വരുത്താനുള്ള ശ്രമം നടത്തണം.

ശ്രീ. വി. ഈച്ചരൻ: ആദ്യകൊല്ലത്തിൽ സ്കോളർഷിപ്പും മറ്റു സഹായധനങ്ങളും ചെയ്യുന്ന ഏർപ്പാടുണ്ടായിരുന്നു. അത് ഏതു രൂപത്തിലാണ്, ഇപ്പോഴും നിലവിലില്ലേ?

ശ്രീ. എം. കെ. രാഘവൻ: മാസം 150 രൂപവച്ച് സ്റ്റൈപ്പൻഡ് കൊടുക്കുന്നുണ്ട്. മറ്റു സഹായങ്ങളെല്ലാം ചെയ്യുന്നുണ്ട്.

ശ്രീ. പി. സി. ജോസഫ്: പുതുതായി അഭിഭാഷകവൃത്തിയിൽ പ്രവേശിക്കുന്നവർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പുസ്തകം വാങ്ങുന്ന കാര്യത്തിലാണ്. പുസ്തകത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് പട്ടികജാതിക്കാർക്കും പുതുതായി വക്കീൽപണിയിൽ പ്രവേശിക്കുന്ന മറ്റെല്ലാ ആളുകൾക്കും സൗകര്യപ്പെടത്തക്ക വിധത്തിൽ ഒരു പുസ്തക ബാങ്ക് അല്ലെങ്കിൽ നിയമ പുസ്തകങ്ങൾ ലഭിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുമോ ?

ശ്രീ. എം. കെ. രാഘവൻ: ഇപ്പോൾ ആലോചനയിൽ ഇല്ല.

ശ്രീ. ഇ. പി. ഗോപാലൻ: പട്ടിക ജാതിക്കാരായ വക്കീലൻമാർക്ക് ഈ ആനുകൂല്യം ഒരു കൊല്ലമായാലും കൂടുതൽ കൊല്ലമായാലും പ്രാക്ടീസ് സെറ്റപ്പ് ചെയ്യണമെന്ന പരിതഃസ്ഥിതി കണക്കിലെടുക്കുമ്പോൾ പിശുക്കു കാണിക്കാതെ പ്രാക്ടീസ് സെറ്റപ്പ് ചെയ്യത്തക്കവിധത്തിലുള്ള സഹായം ചെയ്തുകൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. രാഘവൻ: ഇപ്പോൾ കൊടുക്കുന്നത് ഒരു വർഷമാണ്. പ്രാക്ടീസ് അഭിവൃദ്ധിപ്പെടുത്താനാണ് ഒരു വർഷം കൊടുക്കുന്നത്. അതു തുടർന്നും കൊടുക്കണമോ എന്നുള്ള കാര്യത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. കല്ലട നാരായണൻ: പട്ടികജാതിയിൽനിന്നു മതപരിവർത്തനം ചെയ്തവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ടോ ?

ശ്രീ. എം. കെ. രാഘവൻ: ആനുകൂല്യം ലഭിക്കുന്നുണ്ട്. എല്ലാം ലഭിക്കുന്നുണ്ടോ എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ബാലൻ: പട്ടികജാതിക്കാർക്ക് എ. പി. പി. മാരാകണമെങ്കിൽ, പ്ലീഡർമാരാകണമെങ്കിൽ പാനലിൽ വരണമെന്നു പറഞ്ഞു. ഇന്നത്തെ സാഹചര്യത്തിൽ പാനലിൽ വരാൻ ഇടയില്ല. അതുകൊണ്ട് പാനലിൽ വരത്തക്ക വിധത്തിൽ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: എ. പി. പി. യാകാൻ പാനലിൽ വരണമെന്നില്ല. ഗവൺമെന്റ് പ്ലീഡറുടെ കാര്യമാണ് പറഞ്ഞത്. അതു വരുത്തുന്നതിനുള്ള ശ്രമം നടത്തും. റൂംസിലുള്ള വ്യത്യാസം ഉൾപ്പെടെയാണ് പറഞ്ഞത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പട്ടികജാതിക്കാരിൽ 5 പേർക്ക് കഴിഞ്ഞകൊല്ലം സഹായം നൽകി എന്നു പറഞ്ഞു. ഇതിൽ ആദിവാസികളും ആരെങ്കിലുമുണ്ടോ ?

ശ്രീ. എം. കെ. രാഘവൻ: ഇല്ലെന്നാണ് എനിക്കു കിട്ടിയ വിവരം.

ട്രാൻസ്പോർട്ട് സബ് ഗാരേജ്

* 813 [881] ശ്രീ. വി. ഈച്ചരൻ:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

,, ഇ. നാരായണൻ നായർ:

,, ജി. പി. മംഗലത്തുമഠം:

,, തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗത. ഗത വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം ട്രാൻസ്പോർട്ട് സബ് ഗാരേജുകൾ തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) വൈക്കം. കാട്ടാക്കട എന്നീ സ്ഥലങ്ങളിൽ സബ്ഡിപ്പോകൾ തുടങ്ങാൻ ഉദ്ദേശമുണ്ട്.

ശ്രീ. വി. ഈച്ചരൻ: നിലവിലുള്ള വർക്ക്ഷോപ്പുകൾക്കും ഗ്യാരേജുകൾക്കും കാര്യക്ഷമതയില്ലാത്തതുകാരണം പല റൂട്ടുകളും ക്യാൻസൽ ചെയ്യുന്നതായും ബസ്സുകൾ പല സ്ഥലത്തും വഴിയിൽ കിടക്കുന്നതായും അനുഭവപ്പെടുന്നുണ്ട്. അവ കാര്യക്ഷമമാക്കാനുള്ള എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിലവിലുള്ള സബ്ഗ്യാരേജുകളിൽ കൂടുതൽ മെയിന്റനൻസ് തുടങ്ങിയ ജോലികൾ ഏർപ്പെടുത്താനും അതിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ കൊടുക്കാനും തീരുമാനം എടുത്തിട്ടുണ്ട്. കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ് കാര്യക്ഷമമാക്കുമ്പോൾ പൊതുവേ ക്രമപ്രവൃദ്ധമാക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. വി. ഈച്ചരൻ: പെരിന്തൽമണ്ണ സബ്സ്റ്റേഷൻ അപ്ഗ്രെഡു ചെയ്തിട്ടുണ്ടെങ്കിലും അവിടെ യാതൊരു സൗകര്യങ്ങളും ഇല്ലാത്തതുകൊണ്ടും ഗ്യാരേജിനും വർക്ക്ഷോപ്പിനും ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതു

LIBRARY ARCHIVES Kerala Legislative Assembly